● ഖുർആൻ

# കേവല വിശ്വാസവും ദൃഢബോധ്യവും

ٱللَّهُ ٱلَّذِى رَفَعَ ٱلسَّمَٰوَٰتِ بِغَيْرِ عَمَدٍ تَرَوْنَهَا ۖ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ ۖ
وَسَخَّرَ ٱلشَّمْسَ وَٱلْقَمَرَ ۖ كُلٌّ يَجْرِى لِأَجَلٍ مُّسَمًّى ۚ يُدَبِّرُ ٱلْأَمْرَ
يُفَصِّلُ ٱلْءَايَٰتِ لَعَلَّكُم بِلِقَآءِ رَبِّكُمْ تُوقِنُونَ ﴿٢﴾

**അല്ലാഹുവാകുന്നു നിങ്ങൾക്ക് അവലംബങ്ങൾ ഇല്ലാതെ ആകാശങ്ങളെ ഉയർത്തി നിർത്തിയവൻ. പിന്നെ അവൻ സിംഹാസനാസ്ഥനാവുകയും, സൂര്യനെയും ചന്ദ്രനെയും കീഴ്പ്പെടുത്തുകയും ചെയ്തിരിക്കുന്നു. എല്ലാം ഒരു നിശ്ചിത അവധി വരെ സഞ്ചരിക്കുന്നു. അവൻ കാര്യം നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു. നിങ്ങളുടെ രക്ഷിതാവുമായി കണ്ടുമുട്ടുന്നതിനെപ്പറ്റി നിങ്ങൾ ദൃഢബോധ്യമുള്ളവരായിരിക്കുന്നതിനുവേണ്ടി അവൻ ദൃഷ്ടാന്തങ്ങൾ വിവരിച്ചുതരുന്നു (*അർറഅ്ദ്* 2).**

قَدْ بَيَّنَّا ٱلْءَايَٰتِ لِقَوْمٍ يُوقِنُونَ ﴿١١٨﴾

ദൃഢമായി വിശ്വസിക്കുന്ന ജനങ്ങൾക്ക് നാം ദൃഷ്ടാന്തങ്ങൾ വ്യക്തമാക്കിക്കൊടുത്തിട്ടുണ്ട് (*അൽബഖറ* 118)

مَا لَهُم بِهِۦ مِنْ عِلْمٍ إِلَّا ٱتِّبَاعَ ٱلظَّنِّ ۚ وَمَا قَتَلُوهُ يَقِينًۢا ﴿١٥٧﴾

ഊഹാപോഹത്തെ പിന്തുടരുന്നതല്ലാതെ അവർക്ക് അക്കാര്യത്തെപ്പറ്റി യാതൊരു അറിവുമില്ല. ഉറപ്പായും അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടില്ല (*അന്നിസാഅ്* 157).

وَكَذَٰلِكَ نُرِىٓ إِبْرَٰهِيمَ مَلَكُوتَ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَلِيَكُونَ مِنَ
ٱلْمُوقِنِينَ ﴿٧٥﴾

അപ്രകാരം ഇബ്റാഹീമിന് നാം ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യ രഹസ്യങ്ങൾ കാണിച്ചുകൊടുക്കുന്നു. അദ്ദേഹം ദൃഢബോധ്യമുള്ളവരുടെ കൂട്ടത്തിൽ ആയിരിക്കാൻ വേണ്ടിയും കൂടിയാണത് (*അൽഅൻആം* 75)

*അഖീദഃ* (വിശ്വാസം അഥവാ ആദർശം) *യഖീൻ* (ദൃഢബോധ്യം)എന്നീ പദങ്ങൾ തമ്മിൽ അന്തരമുണ്ട്. വിശ്വാസമെന്നാൽ ഒരു ആശയം സ്വീകരിക്കുക എന്നു മാത്രമാണർഥം. ആ ആശയത്തിനു നേരെ രചനാത്മകമായോ നിഷേധാത്മകമായോ ഉള്ള ആകർഷണത്തോടൊപ്പം അതിന് സഹായകമായ കാര്യഗ്രഹണം ഒത്തുവരുന്നു. അതിലൂടെ രചനാത്മകമോ നിഷേധാത്മകമോ ആയ വിശ്വാസം ഉടലെടുക്കുന്നു.

രചനാത്മകമായ വിശ്വാസം = നിർണിതമായ ഗ്രഹണം + രചനാത്മകമായ ആകർഷണം അഥവാ ഇഛ.

നിഷേധാത്മകമായ വിശ്വാസം = നിർണിതമായ ഗ്രഹണം + നിഷേധാത്മകമായ ആകർഷണം അഥവാ ഇഛ.

വിശ്വാസമെന്നാൽ, അനുഭവവേദ്യമായ തെളിവിന്റെ പിൻബലമില്ലാതെ, മാനസികമായ ആകർഷണത്താൽ, നിർണിതമായ ഒരു ആശയം സ്വീകരിക്കലാണ്. വിശ്വാസം എന്ന പ്രവണതയുടെ ആദി പ്രേരകമായി വർത്തിക്കുന്നത് ചിലതരം ആകർഷണങ്ങളും കക്ഷിപക്ഷപരമായ സ്നേഹബന്ധങ്ങളുമാണ്. മേൽ ആകർഷണങ്ങളും സ്നേഹബന്ധങ്ങളുമാണ് ആധുനിക പാർട്ടികളുടെ വിശ്വാസങ്ങളെ സ്വാധീനിക്കുന്നത്. ചുരുക്കത്തിൽ, തെളിവോ ന്യായമോ അല്ല വിശ്വാസത്തിന്റെ ഉരകല്ലായി പൊതുവെ വർത്തിക്കുന്നത്.

കേവല വിശ്വാസം വ്യക്തിക്ക് സമ്മാനിക്കുന്നത് തെളിവുകളുടെ പിൻബലമില്ലാത്ത ചില ചിന്തകളാണ്. ഈ ചിന്തകൾക്ക് യോജിക്കാത്ത എല്ലാറ്റിൽനിന്നും അയാൾ തന്റെ കണ്ണുകളെയും കാതുകളെയും തിരിച്ചുകളയുന്നു.തജ്ജന്യമായി ഹൃദയങ്ങൾ അടഞ്ഞുപോവുന്നു. അഭിപ്രായ ഭിന്നതകൾ ഉടലെടുക്കുന്നു. സമൂഹം പലതരം പക്ഷപാത നിലപാടുകളാൽ ശിഥിലമാവുന്നു.

എന്നാൽ, ഇതിൽനിന്ന് വ്യത്യസ്തമായി *യഖീൻ* (ദൃബോധ്യം) ദൈവികബോധനത്തോടൊപ്പം പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളുമായി ചേർന്ന് അപരിമേയമായ ആത്മസംതൃപ്തി പകർന്നുതരുന്നു.

ദൃഢബോധ്യം=ദിവ്യസൂക്തങ്ങളെക്കുറിച്ച് ബുദ്ധിപരമായ വിചിന്തനം+ സ്വശരീരങ്ങളുടെയും ചക്രവാളങ്ങളു

ടെയും പരീക്ഷണശാലയിലെ നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ബോധ്യങ്ങൾ. തൽഫലമായി, ഖുർആനിക സൂക്തങ്ങളെ ബലപ്പെടുത്തുന്നതും അതിന്റെ സത്യത്തെയും മൗലികതയെയും വെളിപ്പെടുത്തുന്ന പ്രാപഞ്ചികമോ സാമൂഹികമോ ശാരീരികമോ മറ്റോ ആയ അമാനുഷ സാക്ഷ്യങ്ങൾ ലഭ്യമാവുന്നു.

വിശ്വസിക്കുന്ന വിഷയത്തിൽ ദാർഢ്യമുള്ള വിശ്വാസിയെ ഉൽപാദിപ്പിക്കുകയാണ് 'ദൃഢവിശ്വാസ'(യഖീൻ)ത്തിന്റെ ആത്യന്തിക ലക്ഷ്യം. ഈ ഗുണമുള്ള വിശ്വാസം നേടിയ ആൾക്ക് സ്ഥലകാല ഭേദമന്യെ ഇതര വിശ്വാസികളുമായി തന്റെ വിശ്വാസം നിലനിർത്തി ഇടപഴകാൻ കഴിയും.1

ഈമാനിനെക്കുറിച്ച ഈ മൗലികാശയത്തിന്റെ വെളിച്ചത്തിൽ ഇസ്‌ലാമിക വിദ്യാഭ്യാസത്തിലൂന്നിയ സമൂഹനിർമാണത്തിൽ നാം താഴെ കാര്യങ്ങൾ അംഗീകരിക്കേണ്ടി വരും.

1. മനുഷ്യന്റെ ശാരീരികവും മാനസികവുമായ ഘടനകളെയും സവിശേഷതകളെയും സംബന്ധിച്ച ആധുനിക കണ്ടെത്തലുകളുടെ വെളിച്ചത്തിൽ അവനിലെ നല്ല പ്രകൃതിയെ പുറത്തെടുക്കുക.

2. ഖുർആനിക സൂക്തങ്ങളും ശരീരത്തിലെയും ചക്രവാളങ്ങളിലെയും ദൃഷ്ടാന്തങ്ങളും സഹവർത്തിക്കുംവിധം സത്യവിശ്വാസിയെ വളർത്തിയെടുക്കാനുതകുന്ന ശൈലികൾ സ്വീകരിക്കുക. കാലഘട്ടത്തിന്റെ അമാനുഷികതകൾ പുറത്തെടുക്കാൻ ഈ രണ്ട് ഘടകങ്ങളും സഹകരിക്കണം. അതിലൂടെ ദൃഢബോധ്യം ഉണ്ടായിത്തീരും. സകല സ്ഥലകാലങ്ങൾക്കും ഖുർആൻ പഥ്യമായി മാറും.

3. ഇബാദത്തിനെ ആരാധനാ മേഖലയിൽ മാത്രം പരിമിതപ്പെടുത്തുന്നതിനു പകരം, സാമൂഹിക രംഗങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുക. മാനവ സാമൂഹിക ഹൃദയത്തിൽ അത് പ്രായോഗികമായി കേന്ദ്രീകരിക്കുക.

4. ഈമാനിക സംസ്കാരം ഉൾക്കൊള്ളുന്ന എല്ലാ സാമൂഹിക നിർദേശങ്ങളിലും സ്ഥലകാലങ്ങളുടെ താൽപര്യങ്ങൾ പ്രകാരം പ്രായോഗികമായി ഇടപെടുക. മനുഷ്യർ ഗവേഷണ-പഠനം നടത്തുന്നതായാൽ മനുഷ്യ ധിഷണയിൽ അല്ലാഹു നിക്ഷേപിച്ച അനുഗ്രഹം കണ്ടെത്താൻ സഹായകമായ പൊതു നിർദേശങ്ങൾ കാണാം. ഈ അനുഗ്രഹത്തെ ഫലപ്രദമായി ഉപയോഗിച്ചാൽ രാഷ്ട്രീയ-ഭരണ നിർവഹണ-സാമ്പത്തിക-സാമൂഹിക-സാംസ്കാരികാദി മേഖലകളിലെല്ലാം വമ്പിച്ച അത്ഭുതങ്ങൾ സൃഷ്ടിക്കാനാവും. ഇതിന് നാം ആദ്യം വേണ്ടത്, കുടുംബ-വംശ-വർണ-സാമ്പത്തികാദി താൽപര്യങ്ങളിൽനിന്ന് മുക്തരായി ഖുർആന്റെയും തിരുചര്യയുടെയും സ്വത്വാവിഷ്കാരങ്ങൾക്ക് വിധേയരാവുകയാണ്.

5. പുതുതലമുറകളെ സത്യവിശ്വാസാധിഷ്ഠിത 'സ്വത്വ'ത്തിലേക്കും 'വർഗ'ത്തിലേക്കും 'സംസ്കാര'ത്തിലേക്കും നാം ശിക്ഷണം നൽകി ഉയർത്തണം. ഇത് സാധ്യമാകാൻ സത്യവിശ്വാസത്തെ പഠിതാക്കൾക്ക് ദൈനംദിനം അനുഭവിച്ചറിയാവുന്ന പ്രായോഗിക പ്രവർത്തനങ്ങളാക്കി മാറ്റണം- എല്ലാ രംഗങ്ങളിലും അതവർക്ക് ബോധ്യമാവണം. സത്യവിശ്വാസാധിഷ്ഠിത 'വർഗ'ത്തിന്റെ താൽപര്യങ്ങൾ ഉൾക്കൊള്ളുന്ന, അതിനെ പ്രായോഗികമായി അവതരിപ്പിക്കാനുള്ള ധൈഷണികവും കർമപരവുമായ കഴിവുകൾ വളർത്താനും സാധ്യമാവണം.

പ്രായോഗികാനുഭവങ്ങൾ ഇല്ലാത്ത കേവല വിദ്യാഭ്യാസ ചിന്തകൾക്ക് ഒന്നും ചെയ്യാനാവില്ല. ജീവനുള്ള കോഴികളെ തിന്നുശീലിച്ച നായയെ അതിൽനിന്ന് പിന്തിരിപ്പിക്കാൻ അതിന്റെ കഴുത്തിൽ ചത്ത കോഴിയെ കെട്ടിത്തൂക്കിയപ്പോൾ, അത് അതിന് പ്രാപ്യമായതില്ല, അതിന്റെ ദുർഗന്ധത്തിൽനിന്ന് അതിന് രക്ഷപ്പെടാൻ കഴിഞ്ഞുമില്ല. തദ്ഫലമായി ജീവനുള്ളതും ഇല്ലാത്തതുമായ എല്ലാ കോഴികളെയും ഒരുപോലെ നായ വെറുക്കാൻ ഇടയായി.

സുബദ്ധമല്ലാത്തതും വിരുദ്ധവുമായ പ്രായോഗിക പ്രക്രിയയകൾ പരീക്ഷിക്കുന്ന വിദ്യാഭ്യാസ തത്ത്വശാസ്ത്രം പഠിതാക്കളെ നിരാശയിലാഴ്ത്തും. ഉത്തമ മൂല്യങ്ങളെയും സച്ചരിത ജീവിതത്തെയും കുറിച്ച അവകാശവാദങ്ങളെ നിരാകരിക്കുന്നതിലേക്കെത്തിക്കും.

6. വിശ്വാസിസമൂഹത്തിലെ 'സ്വത്വ'വും 'വർഗ'വും 'സംസ്കാര'വും എപ്പോഴും പരസ്പര പൂരകമാവണം. അവ തമ്മിൽ ഒരിക്കലും വേർപ്പെടരുത്. വിശ്വാസികളുടെ മൂല്യങ്ങളും വ്യവസ്ഥകളും സ്വഭാവചര്യകളും സമ്പ്രദായങ്ങളും ആചാരരീതികളും ശ്രേഷ്ഠതകളുമെല്ലാം ആ സംസ്കാരത്തിൽ ഊട്ടപ്പെട്ടതായിരിക്കണം.

കുടുംബപരമോ ഗോത്രപരമോ സാമുദായികമോ ആയ പക്ഷപാതിത്വങ്ങളിൽ അധിഷ്ഠിതമായ 'സ്വത്വ'ങ്ങളിൽ ആവിഷ്കൃതമാവുന്ന സംസ്കാരം അതുപോലെയായിരിക്കും. മുസ്‌ലിം നാടുകളിൽ പ്രവർത്തിക്കുന്ന ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ഇസ്‌ലാമിക 'സ്വത്വ'ത്തെ സ്വാംശീകരിച്ച് പ്രവർത്തിക്കുമ്പോൾ, അവിടത്തെ ഭരണാധികാരികൾ ഇസ്‌ലാമികേതരമായ സ്വത്വങ്ങളെയാണ് അവലംബിക്കുന്നത്. ഇത് അത്തരം പ്രസ്ഥാനങ്ങൾക്കും ഭരണകൂടങ്ങൾക്കുമിടയിൽ സംഘർഷത്തിന് കാരണമാവുന്നു.

7. മുസ്‌ലിം ലോകത്ത് അധിനിവേശം നടത്തിയ സാമ്രാജ്യത്വശക്തികൾ നട്ടുമുളപ്പിച്ച പക്ഷപാതപരമായ 'സംസ്കാര'ങ്ങൾക്കും 'വർഗ'ങ്ങൾക്കും അവിടത്തെ പത്രമാധ്യമങ്ങളും പ്രസിദ്ധീകരണങ്ങളും വലിയ പ്രചാരം നൽകി. ഇസ്‌ലാമധിഷ്ഠിത 'സംസ്കാര'ത്തിനും 'സ്വത്വ'ത്തിനും പകരം അറബ് ദേശീയത, ഗോത്ര പക്ഷപാതിത്വം മുതലായവ ഉയിർകൊണ്ടു. ആദർശജീവിയാകേണ്ട മുസ്‌ലിമിനെ കൊണ്ട് ദേശീയതയുടെ കൊടിയെടുപ്പിച്ച് ദേശീയഗാനങ്ങൾ പാടിപ്പിച്ചു. ദേശീയതയുടെ പേരിൽ മുസ്‌ലിം മുസ്‌ലിമിനെ വധിക്കുന്ന അവസ്ഥയുണ്ടായി. അത് അല്ലാഹുവിന്റെ മാർഗത്തിലെ സമരമായി വ്യാഖ്യാനിക്കപ്പെട്ടു. സത്യവിശ്വാസാധിഷ്ഠിത 'സ്വത്വ'ത്തിന്റെയും 'സംസ്കാര'ത്തിന്റെയും ക്രിയാത്മകത ഇതുവഴി നിരുപയോഗമായി. പൊതുജീവിതത്തിൽനിന്നും രാഷ്ട്രീയാദി മേഖലകളിൽ നിന്നും അതിനെ ഉരുട്ടി താഴെയിട്ടു.

(ഡോ. മാജിദ് അർസാൻ കീലാനിയുടെ 'അൽ ഉമ്മത്തുൽ മുസ്‌ലിമഃ..........' എന്ന കൃതിയിൽ നിന്ന്. ■

1. എന്റെ ചില മുൻ ഗ്രന്ഥങ്ങളിൽ നിന്ന് വ്യത്യസ്തമായി *യഖീൻ*, *അഖീദഃ* എന്നിവ രണ്ടായാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. വർഷങ്ങളായുള്ള പഠനാനുഭവങ്ങൾ രണ്ടും രണ്ടായിത്തന്നെ മനസ്സിലാക്കണമെന്ന നിഗമനത്തിലാണ് എന്നെ എത്തിച്ചത്.